**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റും നിലവിൽ അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയുമായ ശ്രീമതി. പ്രേമലതയുടെ ഹാജരില്ലായ്മക്കാലയളവ് 'നോൺ ഡ്യൂട്ടി' ആയി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.**442/2019/തസ്വഭവ** തിരുവനന്തപുരം, തീയതി, **26/02/2019**

================================================================

പരാമർശം: 1) 14.06.1994 ലെ 36/94/ധന നമ്പർ സർക്കുലർ.
2) സ.ഉ. (അ) നം. 4/2011/ധന, തീയതി 03/01/2011.
3) സ.ഉ.(സാധാ)നം.2576/12/ തസ്വഭവ, തീയതി 11/09/2012.
4) ശ്രീമതി. പ്രേമലതയുടെ 18.05.2018 ലെ ശൂന്യവേതനാവധിയപേക്ഷ.
5) പഞ്ചായത്ത് ഡയറക്ടറുടെ 28.02.2018, 30.05.2018 എന്നീ തീയതികളിലെ ഇ 13-32533/16 നമ്പർ കത്തുകൾ.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റും നിലവിൽ അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയുമായ ശ്രീമതി. പ്രേമലതയുടെ 14.09.2013 മുതൽ 19.08.2014 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിയ്ക്കണമെന്നാവശ്യപ്പെട്ട് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി. പ്രേമലത, 30.11.1990 ന് സേവനത്തിൽ പ്രവേശിച്ചു. ശ്രീമതി . പ്രേമലത യ്ക്ക് പരാമർശം(3) ഉത്തരവിൻ പ്രകാരം കെ.എസ്.ആർ.ഭാഗം 1, ചട്ടം 88 പ്രകാരം ഒരു വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ആയതിന് തുടർച്ചയായി മൂന്ന് വർഷത്തേക്ക് ടിയാളുടെ വിദേശത്തുള്ള മകളുടെ ചികിത്സാർത്ഥം ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകുവാൻ അപേക്ഷ സമർപ്പിക്കുകയും ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകാതെ തന്നെ 19.08.2014 വരെ അവധിയിൽ തുടരുകയും ചെയ്തു. പ്രസ്തുത ഹാജരില്ലായ്മക്കാലയളവ് ആയ 14.09.2013 മുതൽ 19.08.2014 വരെ ക്രമീകരിക്കണമെന്ന് പരാമർശം(5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി. പരാമർശം(2) സർക്കാർ ഉത്തരവ് പ്രകാരം വിദേശത്തുള്ള മക്കളെ സന്ദർശിക്കുവാനായി ആറ് മാസത്തെ അവധി അനുവദിക്കുവാനേ വ്യവസ്ഥയുള്ളു എന്നിരുന്നാലും പരാമർശം(3) സർക്കാർ ഉത്തരവ് പ്രകാരം ശ്രീമതി. പ്രേമലതയ്ക്ക് 14.09.2012 മുതൽ ഒരു വർഷത്തേക്ക് കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ചെങ്കിലും അവധിക്കാലയളവ് കഴിഞ്ഞതിന് ശേഷവും ടിയാൾ അവധിയിൽ തുടരുകയായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റും നിലവിൽ അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയുമായ ശ്രീമതി. പ്രേമലതയുടെ 14.09.2013 മുതൽ 19.08.2014 വരെയുള്ള കാലയളവിലെ അനധികൃത ഹാജരില്ലായ്മക്കാലയളവ് 14/09/2012 ന് മുൻപ് പ്രോബേഷൻ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ മുൻകാല സർവീസ് നഷ്ടമാകാത്ത വിധം നോൺഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, മങ്കട ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീമതി. പ്രേമലത, അസിസ്റ്റന്റ് സെക്രട്ടറി, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധന വകുപ്പ്(13.01.2019 ലെ റൂൾസ് ബി2/200/2018/ധന നമ്പർ കുറിപ്പ് പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(82/ഇപിഎ 1/2018/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ